## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 67 — 28-09-2011-ൽ മറുപടിയ്ക്ക്

### പൈക്ക പദ്ധതിയുടെ ലക്ഷ്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ:<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ. വി. ഡി. സതീശൻ:<br>ശ്രീ. റ്റി. എൻ. പ്രതാപൻ: | ശ്രീ. കെ.ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) പഞ്ചായത്ത് 'യുവക്രീഡ ഓർ ഖേൽ അഭിയാൻ' (പൈക്ക) പദ്ധതിയുടെലക്ഷ്യങ്ങൾ എന്തെല്ലാം; | (എ) ഗ്രാമപ്രദേശങ്ങളിലെ യുവജനങ്ങളിലും വിദ്യാർത്ഥികളിലും സ്പോർട്സിനോടുള്ള ആഭിമുഖ്യം വളർത്തി രാജ്യത്ത് കായിക രംഗത്തിന്റെ അടിത്തറ വിപുലീകരിക്കുകയും അതുവഴി എല്ലാവർക്കും സ്പോർസ് എന്ന ദേശീയ കായിക നയത്തിന്റെ പ്രഖ്യാപിത ലക്ഷ്യം നേടുന്നതിനോടൊപ്പം കൂടുതൽ കായിക താരങ്ങളെ വാർത്തെടുക്കുന്നതിലൂടെ ദേശീയ തലത്തിൽ മികച്ച കായിക പ്രതിഭകളുടെ ശ്രേണി വർദ്ധിപ്പിക്കുകയും ചെയ്യുക എന്നിവയാണ് കേന്ദ്ര യുവജന-കായിക കാര്യമന്ത്രാലയവും സംസ്ഥാന സർക്കാരും സംയുക്തമായി നടപ്പാക്കുന്ന കേന്ദ്ര സഹായ പദ്ധതിയായ പഞ്ചായത്ത് യുവക്രീഡ ഓർ ഖേൽ അഭിയാ (പൈക്ക)ന്റെ ലക്ഷ്യങ്ങൾ. |
| (ബി) ഈ പദ്ധതിക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ | (ബി) ഉണ്ട്. |
| (സി) എങ്കിൽ ഇതിനായി എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത്; | (സി) ഈ പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി തദ്ദേശ സ്വയംഭരണം/വിദ്യാഭ്യാസം എന്നീ |

വകുപ്പുകളുടെ പൂർണ്ണ സഹകരണം ഉറപ്പാക്കാൻ ഉദ്ദേശിക്കുന്നു. തദ്ദേശസ്വയം ഭരണ വകുപ്പുമായി സഹകരിക്കുന്നത് വഴി പദ്ധതിയുടെ ഗുണഭോക്താക്കളായ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ പൈക്ക നടപ്പാക്കുന്നതിൽ കൂടുതൽ ആകൃഷ്ടരാകുന്നതാണ്. കൂടാതെ പൈക്ക നടപ്പിലാക്കുന്നതിൽ സ്കൂളുകൾക്ക് കൂടുതൽ പ്രാധാന്യം നൽകികൊണ്ട് ഭാവിയിൽ പൈക്ക പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നത് മുഖ്യമായും ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിലെ അനുയോജ്യമായ സ്കൂളുകളിൽ ആകണം എന്നും അതിന്റെ അഭാവത്തിൽ മാത്രം പഞ്ചായത്ത്/പൊതുസ്ഥലങ്ങളിൽ സ്ഥാപിക്കുവാൻ പാടുള്ളൂവെന്നും നിഷ്ക്കർഷിക്കുന്നതാണ്.

(ഡി) കായിക മത്സരങ്ങളുടെ ഭൗതിക സാഹചര്യം ഒരുക്കുവാൻ കൂടുതൽ പദ്ധതികൾ ആവിഷ്ക്കരിക്കുമോ;

(ഡി) ആവിഷ്ക്കരിക്കുന്നതാണ്.

(ഇ) സംസ്ഥാന/ദേശീയ തലത്തിൽ പൈക്ക മത്സരത്തിൽ വിജയിക്കുന്നവർക്ക് തുടർ വിദ്യാഭ്യാസത്തിനും ജോലി ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

(ഇ) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കായിക താരങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളിൽ അഡ്മിഷൻ ലഭിക്കുന്നതിന് പൈക്ക മത്സര വിജയികൾക്കും അർഹതയുണ്ട്." പൈക്ക മത്സര വിജയികൾക്ക് ജോലി ലഭ്യമാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ